ഉത്തരം

(എ) നെയ്യാറ്റിൻകര വനിതാ ജയിലിലെ ജയിൽ ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു ജീവപര്യന്തം തടവുകാരിയെ ശിക്ഷ ഇളവ് ചെയ്ത് വിടുതൽ ചെയ്യുകയുണ്ടായി.

(ബി) ജീവപര്യന്തം തടവുകാരെ അവരുടെ ശിക്ഷ ഇളവ് ചെയ്ത് വിടുതൽ ചെയ്യുന്നതിനും, തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ടി കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ.

(സി) ജസ്റ്റിസ് കൃഷ്ണയ്യർ കമ്മിറ്റിയുടെ 'ജീവപര്യന്തം തടവുകാരുടെ വിടുതൽ' സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും അതനുസരിച്ച് സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റി പുനഃസ്ഥാപിക്കുകയുമുണ്ടായി. ടി കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജയിൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഫെ പോസ പ്രതികൾക്ക് ടി. വി., മൊബൈൽ ഫോൺ സൗകര്യം നൽകിയ വിവരം

84 [1660] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ കോഫെ പോസ പ്രതികൾക്ക് ക്രമ വിരുദ്ധമായി കളർ ടി. വി., മറ്റ് സജ്ജീകരണങ്ങൾ എന്നിവ ലഭ്യമാക്കി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൾക്ക് മൊബൈൽ ഫോൺ പോലുള്ള സൗകര്യം നൽകുന്നത് ക്രമവിരുദ്ധമാണോ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജയിലിൽ മാരകായുധങ്ങൾ കണ്ടെത്തിയത് സംബന്ധിച്ച ടാസ്ക് ഫോഴ്സിന്റെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പൂജപ്പുര ജയിലിലെ അഴിമതികൾ, ആയുധ സംഭരണം എന്നിവയെക്കുറിച്ച് ജീവനക്കാർ സർക്കാരിനും എ.ഡി.ജി.പി.-ക്കും നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണ ചുമതല ആർക്കായിരുന്നു; ഈ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുജപ്പുര സെൻട്രൽ ജയിലിലെ 7-ാം ബ്ലോക്കിൽ (കോഫെ പോസ ബ്ലോക്കിൽ) ഒരു കളർ ടി. വി.-യും ഒരു യൂറോപ്യൻ ക്ലോസറ്റും നിയമം അനുശാസിക്കുന്ന തരത്തിൽ സ്ഥാപിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) പ്രതികൾക്ക് മൊബൈൽ ഫോൺ പോലുള്ള സൗകര്യങ്ങൾ നൽകാൻ ജയിൽ നിയമത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ നാളിതുവരെ ആർക്കും മൊബൈൽ ഫോൺ നൽകിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പുജപ്പുര ജയിലിലെ അഴിമതികൾ, ആയുധ സംഭരണം എന്നിവയെക്കുറിച്ച് ജീവനക്കാർ നൽകിയ പരാതിയിന്മേൽ വകുപ്പ് തലത്തിൽ നടന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ജയിൽ എ.ഡി.ജി.പി.-ക്ക് ലഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് ശ്രീ. ടി. എസ്. രഘുപതിക്കായിരുന്നു അന്വേഷണ ചുമതല. റിപ്പോർട്ടിൻമേൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ജയിൽ വകുപ്പിലെ വാഹനങ്ങൾ

85 [1661] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വിവിധ ഉപയോഗങ്ങൾക്കായി ഇപ്പോൾ ആകെ എത്ര വാഹനങ്ങളാണുള്ളത്; ഇവയിൽ പ്രവർത്തനക്ഷമമായവ എത്രയെണ്ണമാണ്;

(ബി) കണ്ടം ചെയ്ത വാഹനങ്ങളുടെ വിശദാംശം നൽകുമോ; ഇവ യഥാസമയം ചട്ടപ്രകാരം ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ജയിൽ വകുപ്പിൽ ഡ്രൈവർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നു;

(ഡി) ജയിൽ വകുപ്പിൽ നിലവിലുള്ള വാഹനങ്ങൾ കൈകാര്യം ചെയ്യുവാൻ ഇപ്പോഴുള്ള ഡ്രൈവർമാരുടെ എണ്ണം പര്യാപ്തമാണോ; അല്ലെങ്കിൽ വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഡൻ/ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ ഇപ്പോൾ മൊത്തം 74 (എഴുപത്തിനാല്) വാഹനങ്ങളാണുള്ളത്. ഇതിൽ ഇപ്പോൾ പ്രവർത്തനക്ഷമമായവ 54 (അൻപത്തിനാല്) എണ്ണവും റിപ്പയറിൽ കിടക്കുന്നവ 9 (ഒൻപത്) എണ്ണവും കണ്ടം ചെയ്യേണ്ടവ 11 (പതിനൊന്ന്) എണ്ണവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly